## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3920 — 21.6.2018 -ൽ മറുപടിയ്ക്ക്

## മൺസൂൺ ടൂറിസം

| ചോദ്യം<br>ശ്രീ. അനിൽ അക്കര : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ ഭാഗമായി എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയത്; | എ) | സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ ഭാഗമായി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ എന്ന പേരിൽ ഇന്ത്യയിൽ ഒട്ടാകെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഏപ്രിൽ മാസത്തിൽ ആരംഭിച്ച പ്രചാരണ പരിപാടിയിൽ ഇന്ത്യയിലെ പ്രമുഖ ടെലിവിഷൻ ചാനലുകൾ, 20 പ്രമുഖ നഗരങ്ങളിലെ സിനിമാ തിയറ്ററുകൾ. ഡൽഹി, മുംബൈ, ഹൈദരാബാദ്, ബാംഗ്ളൂർ നഗരങ്ങളിലെ എയർപോർട്ടുകൾ എന്നിവിടങ്ങളിൽ ടൂറിസം പ്രചാരണം നടത്തിക്കഴിഞ്ഞു. ഇതിനു പുറമെ ഡൽഹി മെട്രോ, കൊൽക്കത്ത ട്രാം എന്നിവയും കേരള ടൂറിസം ബ്രാന്റ് ചെയ്തിട്ടുണ്ട്. 'Come Out and Play' എന്ന പ്രമേയമാണ് ഇത്തവണ ടൂറിസം വകുപ്പ് പരസ്യ പ്രചാരണത്തിനായി ഉപയോഗിച്ചുവരുന്നത്. വയനാട് കേന്ദ്രീകരിച്ച് മഡ് ഫുട്ബോൾ സംഘടിപ്പിക്കുവാനും ആലോചിക്കുന്നുണ്ട്. മൺസൂൺകാല മ്യൂസിക് ഫെസ്റ്റിവലും ഇത്തവണ സംഘടിപ്പിക്കുന്നുണ്ട്. |
| ബി) | കഴിഞ്ഞ വർഷം മൺസൂൺ ടൂറിസം സീസണിൽ സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ വിദേശ നാണ്യം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ബി) | വിനോദസഞ്ചാര മേഖലയിലെ വിദേശ നാണ്യം കണക്കാക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാണ്. 2016-ൽ വിനോദസഞ്ചാരത്തിൽ നിന്നുളള വരുമാനം 7,749.51 കോടി രൂപ ആയിരുന്നത് 2017-ൽ 8,392.11 കോടി രൂപ ആയി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട് (8.29% വർദ്ധനവ്). ഇതിന് ആനുപാതികമായി മൺസൂൺ ടൂറിസം സീസണിലും വിദേശനാണ്യ വരുമാനം വർദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | മൺസൂൺ കാലയളവിൽ ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നാണ് ടൂറിസ്റ്റുകൾ സംസ്ഥാനത്ത് എത്തുന്നത് എന്ന് അറിയിക്കുമോ; | സി) | 2017 ജൂൺ മുതൽ ഒാക്ടോബർ വരെയുള്ള മൺസൂൺ കാലയളവിൽ ഏറ്റവും കൂടുതൽ വിദേശികൾ എത്തിയത് യു.കെ.യിൽ നിന്നും രണ്ടാമത് സൗദി അറേബ്യയിൽ നിന്നും മൂന്നാമത് അമേരിക്കയിൽ നിന്നും ആണ്. |
| ഡി) | ഈ വർഷത്തെ മൺസൂൺ ടൂറിസത്തെ നിപ ബാധ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; എങ്കിൽ വിദേശ ടൂറിസ്റ്റുകളുടെ ആശങ്കകൾ അകറ്റുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ? | ഡി) | മൺസൂണിന്റെ ആരംഭഘട്ടത്തിൽ ടൂറിസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്താനാവില്ല. നിപ വൈറസ് ബാധ കോഴിക്കോട് മാത്രമാണ് കണ്ടെത്തിയത്. ഇപ്പോൾ ഇത് പൂർണ്ണമായും നിയന്ത്രണവിധേയവുമാണ്. ആരോഗ്യവകുപ്പ് അഡ്വൈസറി നോട്ട് പുറപ്പെടുവിക്കുകയും ടൂറിസം വകുപ്പ് നവമാധ്യമങ്ങൾ വഴി ഇത് സഞ്ചാരികൾക്കായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**